## പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3281** — **14.03.2018-ൽ മറുപടിയ്ക്ക്**

## ഏകീകൃത പൊതുജനാരോഗ്യ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മുഴുവൻ പ്രാബല്യംവരുന്ന ഏകീകൃത പൊതുജനാരോഗ്യനിയമം നിലവിലുണ്ടോയെന്നറിയിക്കാമോ; | എ) | പഴയ ട്രാവൻകൂർ കൊച്ചി ഭാഗങ്ങളിൽ നിലവിലുള്ള 1955 ലെ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടും, മലബാർ പ്രദേശങ്ങളിൽ നിലവിലുള്ള 1939 ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ച് സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായിട്ടുള്ള കരട് ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. |
| ബി) | ഏകീകൃത പൊതുജനാരോഗ്യനിയമം നിലവിലില്ലാത്തതിനാൽ ഫീൽഡ് സാങ്കേതിക വിഭാഗം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിശദമാക്കുമോ? | ബി) | സംസ്ഥാനത്ത് പഴയ ട്രാവൻകൂർ കൊച്ചി ഭാഗങ്ങളിൽ 1955 ലെ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടും, മലബാർ പ്രദേശങ്ങളിൽ 1939 ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ആണ് നിലവിലുള്ളത്. സംസ്ഥാനത്ത് രണ്ട് ഭാഗങ്ങളിൽ രണ്ട് നിയമങ്ങളിലായതിനാലും ഇത് വളരെ കാലപ്പഴക്കം ഉള്ളതിനാലും പിഴകൾ വളരെ തുച്ഛമായതിനാലും കാര്യക്ഷമമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ